ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ ബാങ്കും നൽകുന്ന കമ്മീഷൻ വ്യത്യസ്തമാണ്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ അരശതമാനം മുതൽ 6 ½ ശതമാനം വരെ കമ്മീഷൻ നൽകിവരുന്നു.

(സി) ജില്ലകളിൽനിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് 3144 കമ്മീഷൻ ഏജന്റുമാർ ഉള്ളതായി കണക്കാക്കുന്നു.

(ഡി) ഇതുവഴി സഹകരണസംഘങ്ങൾക്ക് 25112.59 ലക്ഷം രൂപ ഒരു സാമ്പത്തികവർഷം ലഭിക്കുന്നതായി കണക്കാക്കുന്നു.

(ഇ) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

സഹകരണ ബാങ്കുകളിലെ പി.എസ്.സി. വഴിയുള്ള നിയമനം

176 (960) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ ഇ.എം. അഗസ്തി :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ ബാങ്കുകളിൽ ജോലിചെയ്യുന്നവരെ സംവരണം വഴി ജില്ലാ സഹകരണ ബാങ്കിലേക്കും സംസ്ഥാന സഹകരണ ബാങ്കിലേക്കും നിയമിക്കുന്ന കാര്യത്തിൽ പി.എസ്.സി.യുടെ അഭിപ്രായം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

സഹകരണചട്ടം 187 പ്രകാരമുള്ള സംവരണം പാലിക്കുന്നതിനോട് പി. എസ്.സി. വിയോജിപ്പ് അറിയിച്ചിരുന്നു.

അടൂരിലെ നീതിസ്റ്റോർ

177 (961) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ പറക്കോട് രണ്ട് വർഷമായി പ്രവർത്തിച്ചുവരുന്ന നീതി സ്റ്റോർ ജില്ലാ ഗോഡൗൺ മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് ശ്രമം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മുനിസിപ്പൽ ബിൽഡിംഗിൽനിന്ന് കിലോമീറ്റർ ദൂരെ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേയ്ക്ക് മാറ്റുവാനുള്ള ശ്രമം തടയുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly